## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 963 02.12.2015 -ലെ മറുപടിക്ക്.

## ക്ഷേമ പെൻഷൻ കുടിശ്ശിക

**ചോദ്യം**

ശ്രീ. സി. കൃഷ്ണൻ :

(എ) തൊഴിലാളികൾക്കായി ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ളതെന്നും എന്ത് തുക വീതമാണ് പെൻഷൻ നൽകുന്നതെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ ഉണ്ടായ പ്രതിമാസ വർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ;

**മറുപടി**

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട കശുവണ്ടി തൊഴിലാളി ക്ഷേമനിധി പെൻഷൻ, കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ, ഈറ്റ തഴ കാട്ടുവള്ളി ക്ഷേമനിധി പെൻഷൻ, തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ, ചുരുട്ട് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബീഡി തൊഴിലാളി ക്ഷേമനിധി പെൻഷൻ, അലക്ക് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബാർബർ തൊഴിലാളി ക്ഷേമനിധി പെൻഷൻ, അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി പെൻഷൻ, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ പ്രതിമാസം 600/- രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ 300/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1252/2011/തൊഴിൽ തീയതി 22.08.2011 പ്രകാരം എല്ലാ പെൻഷനുകളും 300/- രൂപയിൽ നിന്നും 400/- രൂപയാക്കി വർദ്ധിപ്പിച്ചു.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1305/2013/തൊഴിൽ തീയതി 18.07.2013 പ്രകാരം 400/- രൂപയിൽ നിന്നും 500/- രൂപയാക്കി വർദ്ധിപ്പിച്ചു.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1175/2014/തൊഴിൽ തീയതി 25.08.2014 പ്രകാരം 500/- രൂപയിൽ നിന്നും 600/- രൂപയാക്കി വർദ്ധിപ്പിച്ചു.

| | |
|---|---|
| (സി) ഏതു മാസം വരെയുള്ള പെൻഷൻ വിതരണം നടന്നിട്ടുണ്ടെന്നും ഓരോ ഇനത്തിലും എന്തു തുക കുടിശ്ശികയായ് ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ; | (സി) കർഷകതൊഴിലാളി പെൻഷൻ 2015 സെപ്റ്റംബർ വരെ വിതരണം നടത്തി. ഒക്ടോബർ മുതൽ കുടിശ്ശികയുണ്ട്. അസംഘടിത തൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ വിതരണം നടത്തി ഏപ്രിൽ മുതൽ കുടിശ്ശികയാണ്. മരംകയറ്റ തൊഴിലാളി പെൻഷൻ ഏപ്രിൽ മുതൽ ജൂലൈ 2015 വരെ വിതരണം നടത്തി. 2015 ഓഗസ്റ്റ് മുതൽ കുടിശ്ശികയാണ്. തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്ന മറ്റു ക്ഷേമ പെൻഷനുകൾ 2015 ജൂലൈ വരെ അനുവദിച്ചു നൽകിയിട്ടുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ